**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3515** **12-03-2025 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ ക്ലസ്റ്റർഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പുമായി ചേർന്ന് വാമനപുരം മണ്ഡലത്തിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന ക്ലസ്റ്റർഗ്രാമം പദ്ധതി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ RKVY-RAFTAAR-ൽ ഉൾപ്പെടുത്തി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം നടപ്പാക്കിവരുന്ന ക്ലസ്റ്റർ ഗ്രാമം പദ്ധതിയുടെ രണ്ടാം ഘട്ടത്തിലാണ് പട്ടികവർഗ്ഗ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്. ആയതിലേയ്ക്കായി വാമനപുരം മണ്ഡലത്തിലെ നന്ദിയോട് പഞ്ചായത്തിലെ മാങ്കുഴി, കിടാരക്കുഴി, നാഗര, നന്ദിയോട് ടൗൺ, ചൂടൽമൺപുറം, ദർഭംവച്ചപ്പാറ, വട്ടപ്പൻകാട്, പച്ചമല, മണലയം, മരുതുംമൂട് എന്നീ ട്രൈബൽ സെറ്റിൽമെന്റുകളിലെ 75 ഗുണഭോക്താക്കളുടെ ലിസ്റ്റ് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പ് സ്ഥല പരിശോധന പൂർത്തിയാക്കിയിട്ടുമുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തന മാർഗരേഖ, പരിശീലന മാന്വൽ എന്നിവയും തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഹോർട്ടികൾച്ചർ മിഷൻ പട്ടികവർഗ്ഗ വികസന വകുപ്പുമായി എം.ഒ.യു. ഒപ്പ് വെച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ഇല്ല. |

സെക്ഷൻ ഓഫീസർ